പരമ്പരാഗത കൃഷി വികാസ് യോജന

Deshabhimani 6-11-18, P-02

# ജില്ലയിൽ 2200 ഹെക്ടറിൽ കൃഷി വിപുലപ്പെടുത്തും

- രൂപരേഖ രണ്ടാഴ്ചയ്ക്കകം
- വാർഡ് അടിസ്ഥാനത്തിൽ ക്ലസ്റ്ററുകൾ
- പരമ്പരാഗത കർഷകർക്ക് ഗുണം

**തൃശൂർ**

പരമ്പരാഗത കൃഷി വികാസ് യോജന (പികെവി വൈ) പദ്ധതി പ്രകാരം ജില്ലയിലെ ബ്ലോക്ക് പഞ്ചായത്തുകളിൽ 2200 ഹെക്ടറിൽ കൃഷി വിപുലപ്പെടുത്തും. ഇതിനായി പഞ്ചായത്തുകളിൽ വാർഡ് അടിസ്ഥാനത്തിൽ ക്ലസ്റ്ററുകൾ രൂപീകരിച്ച് പ്രവർത്തനം കാര്യക്ഷമമാക്കും. രണ്ടാഴ്ചയ്ക്കകം യോഗം ചേർന്ന് പ്രവർത്തനങ്ങൾക്ക് രൂപരേഖ തയ്യാറാക്കും. കലക്ടറുടെ ചേംബറിൽ നടന്ന പികെവിവൈ അവലോകന യോഗത്തിലാണ് നിർദേശം.

വാഴ, നാളികേരം, നെല്ല്, അടയ്ക്ക, കുരുമുളക്, പച്ചക്കറികൾ മുതലായവ പദ്ധതിയിൽ വ്യാപിപ്പിച്ച് കൂടുതൽ പരമ്പരാഗത കർഷകർക്ക് ഗുണം ലഭിക്കുന്ന തരത്തിൽ കൃഷിയെ പ്രോത്സാഹിപ്പിക്കും. വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്തിലെ മുള്ളൂർക്കര, വരവൂർ, എരുമപ്പെട്ടി കൃഷിഭവനുകൾക്ക് കീഴിൽ 60 ഹെക്ടറിൽ മൂന്ന് ക്ലസ്റ്ററുകൾ രൂപീകരിച്ച് ചെങ്ങാലിക്കോടൻ വാഴകൃഷി പ്രോത്സാഹിപ്പിക്കും. അന്തിക്കാട്, ചാവക്കാട്, മുല്ലശേരി, പഴയന്നൂർ, തളിക്കുളം ബ്ലോക്ക് പഞ്ചായത്തുകളിൽ നാളികേര കൃഷി വ്യാപകമാക്കും. വെള്ളാങ്കല്ലൂർ, അന്തിക്കാട്, മാള, ചേർപ്പ് ബ്ലോക്കുകളിൽ നെൽകൃഷിയെ പരിപോഷിപ്പിക്കാൻ പദ്ധതികൾ ആവിഷ്കരിച്ചു.

പരമ്പരാഗത നെൽകൃഷിയും ഓർഗാനിക് നെൽകൃഷിയും സജീവമാക്കും. ചാഴൂർ പഞ്ചായത്തിൽ പദ്ധതിയിലുൾപ്പെടുത്തി പച്ചക്കറി കൃഷികൂടി ഉൾപ്പെടുത്തണമെന്ന കലക്ടറുടെ നിർദേശപ്രകാരം ഈ മേഖലയിൽ പച്ചക്കറി കൃഷിയും കൃഷി ചെയ്യാൻ തീരുമാനമായി.

കർഷകരിൽനിന്ന് വിവര ശേഖരണം നടത്തുക, സെമിനാറുകൾ സംഘടിപ്പിക്കുക, ഓർഗാനിക് ഉൽപ്പന്നങ്ങളുടെ വില്പന യൂണിറ്റുകൾ സജ്ജീകരിക്കുക എന്നിവയും തുടർ ദിവസങ്ങളിൽ നടപ്പാക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടെന്ന് യോഗത്തിൽ ഡെപ്യൂട്ടി ഡയറക്ടർ ശ്രീലത അറിയിച്ചു. വിവിധ കൃഷി വകുപ്പ് ഉദ്യോഗസ്ഥർ പങ്കെടുത്തു.